# O.S.S.A.E.

## വാർഷിക പരീക്ഷ 2015

Class IX | 06-12-2015 ഞായർ 2 pm to 4 pm | Marks 50

**പേരെഴുതുക (1-5)** 5

1. ബാല്യത്തിൽ പ്രവാചക ചുമതലയിലേക്ക് വിളിക്കപ്പെട്ട പ്രവാചകൻ.
2. കൊടുങ്ങല്ലൂരിനു സമീപം ചേന്നമംഗലം ആസ്ഥാനമായി നാടുഭരിച്ചിരുന്ന ക്രിസ്തീയ രാജവംശം.
3. തന്റെ പിതൃസ്വത്തുക്കൾ ദരിദ്രർക്കായി വിതരണം ചെയ്ത് 110-ാം വയസ്സിൽ നിര്യാതനായ പിതാവ്.
4. പൗലോസിൽനിന്നും പാഫോസിൽവെച്ച് സ്നാനം സ്വീകരിച്ച ദേശാധിപതി.
5. പഴയസെമിനാരി പ്രിൻസിപ്പൽ.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക (6-10)** 5

6. യഹോവയുടെ അതുല്യത അറിയിച്ച പ്രവാചകൻ
   (ഹോശേയ, ആമോസ്, മീഖ)
7. കോൺസ്റ്റന്റെയിൻ ചക്രവർത്തി തന്റെ തലസ്ഥാനം മാറ്റിയ വർഷം
   (325, 330, 395)
8. പൗലോസിന്റെ ഒന്നാം മിഷണറിയാത്ര ആരംഭിച്ച സ്ഥലം.
   (അന്ത്യോഖ്യ, ദമസ്കസ്, യെരുശലേം)
9. ബർസൗമ എന്ന വാക്കിന്റെ അർത്ഥം.
   (സുറിയാനിക്കാരുടെ സൂര്യൻ, നോമ്പിന്റെ പുത്രൻ, സഭയുടെ സ്തംഭം)
10. ഉദയംപേരൂർ സുന്നഹദോസ്
    (1599 ജൂൺ 12-20, 1599 ജൂൺ 20-26, 1653 ജനുവരി 3-9)

**താഴെ കൊടുത്തിരിക്കുന്ന പ്രസ്താവന ശരിയോ തെറ്റോ എന്നെഴുതുക (11-15)** 5

11. പാശ്ചാത്യർ ശുദ്ധീകരണ സ്ഥലത്തിന് പ്രാമുഖ്യം നല്കി.
12. നന്മയുടെ പാതയിൽ ചരിക്കുവാൻ ശക്തമായ ഇച്ഛാശക്തി ആവശ്യമില്ല.
13. ചെറുപ്പക്കാരനായ സന്യാസിയായിരിക്കെയാണ് മാർ അപ്രേം നിഖ്യസുന്നഹദോസിൽ സംബന്ധിച്ചത്.
14. യെരുശലേം, അന്ത്യോഖ്യ, എഡേസ എന്നിവ മുഹമ്മദീയരിൽനിന്ന് പിടിച്ചെടുത്തത് എട്ടാം കുരിശുയുദ്ധത്തിലാണ്.
15. മൂന്നു നോമ്പിലും അമ്പതുനോമ്പിലും യാമപ്രാർത്ഥനകൾ മൂന്നു നേരമായിട്ടാണ് നടത്തുന്നത്.

**താഴെ പറയുന്ന കാര്യങ്ങൾ ആര് ആരോടു പറഞ്ഞു എന്നെഴുതുക (16-20)** 5

16. നീ എഴുന്നേറ്റ് പട്ടണത്തിൽ ചെല്ലുക, നീ ചെയ്യേണ്ടത് അവിടെവെച്ച് നിന്നോട് പറയും.
17. ഞാൻ സമാധാനത്തോടെ കിടന്നുറങ്ങും. നീയല്ലോ എന്നെ നിർഭയം വസിക്കുമാറാക്കുന്നത്.
18. കർത്താവായ യേശുവിനെ ഞാൻ കണ്ടിട്ടില്ലയോ?
19. നീതിയിൽ വിതെപ്പിൻ, ദയക്കൊത്തവണ്ണം കൊയ്യുവിൻ.
20. നിഷ്കളങ്കതയും നേരും എന്നെ പരിപാലിക്കുമാറാകട്ടെ.

**ഏറ്റവും അനുയോജ്യമായ രീതിയിൽ ചേർത്തെഴുതുക (21-25)** 5

21. അന്തീമോസ് - ദൈവം ഉയർത്തുന്നു
22. യെഹെസ്കേൽ - ഫിലിപ്യ
23. അറിയൂസ് - ദൈവം ശക്തിപ്പെടുത്തുന്നു
24. യിരെമ്യാവ് - എക്ബോ
25. ലുദിയ - വേദവിപരീതം

**ഒറ്റ വാക്കിൽ ഉത്തരം എഴുതുക (26-30)** 5

26. വേദപുസ്തകത്തിലും യഹൂദക്രൈസ്തവമാർഗ്ഗങ്ങളിലും സ്വാധീനം ചെലുത്തിയിട്ടുള്ള സംസ്കാരം.
27. ജാതികളുടെ അപ്പോസ്തലൻ എന്നറിയപ്പെടുന്നതാര്?
28. വിദേശാധിപത്യത്തിനെതിരായി ഇന്ത്യയിൽത്തന്നെ നടന്ന ആദ്യസ്വാതന്ത്ര്യസമരം.
29. സ്വർണ്ണനാവുകാരൻ എന്നറിയപ്പെടുന്ന പിതാവ്.
30. സ്തൂപവാസി എന്ന് വിളിക്കപ്പെട്ടതാര്?

**ഒറ്റവാചകത്തിൽ ഉത്തരം എഴുതുക (31-35)** 10

31. വി. കുർബ്ബാനയിൽ വിശ്വാസപ്രമാണം ചൊല്ലണമെന്ന് പത്രോസ് പാത്രിയർക്കീസ് നിർദ്ദേശിക്കുവാൻ കാരണമെന്ത്?
32. രണ്ടാം മിഷണറി യാത്രയിൽ ഫിലിപ്യയിൽ നടന്ന മൂന്നു സംഭവങ്ങൾ ഏവ?
33. മലങ്കരസഭ ഇരുപതാം നൂറ്റാണ്ടിൽ പരിശുദ്ധന്മാരായി പ്രഖ്യാപിച്ച രണ്ടു പിതാക്കന്മാർ ആരെല്ലാം?
34. 'യെരുശലേമിലെ തൂണുകൾ' ആരെല്ലാം?
35. യെശയ്യാപ്രവാചകന്റെ സന്ദേശത്തിൽ മുന്തിനിന്ന മൂന്ന് സത്ഗുണങ്ങൾ ഏവ?

**തന്നിരിക്കുന്ന വേദഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (36-39)** 4

ഒരു ദിവസം അവൻ ശിഷ്യന്മാരുമായി പടകിൽ കയറി. നാം തടാകത്തിന്റെ അക്കരെ പോക എന്ന് അവരോടു പറഞ്ഞു. അവർ നീക്കി ഓടുമ്പോൾ അവൻ ഉറങ്ങിപ്പോയി. തടാകത്തിൽ ഒരു ചുഴലിക്കാറ്റ് ഉണ്ടായി. പടകിൽ വെള്ളം നിറഞ്ഞിട്ട് അവർ പ്രാണഭയത്തിലായി. അടുക്കെ ചെന്ന് നാഥാ, നാഥാ ഞങ്ങൾ നശിച്ചുപോകുന്നു എന്നു പറഞ്ഞ് അവനെ ഉണർത്തി. അവൻ എഴുന്നേറ്റ് കാറ്റിനെയും വെള്ളത്തിന്റെ കോപത്തെയും ശാസിച്ചു. അവ അമർന്നു ശാന്തത ഉണ്ടായി. പിന്നെ അവരോട് നിങ്ങളുടെ വിശ്വാസം എവിടെ എന്നു പറഞ്ഞു. അവരോ ഭയപ്പെട്ടു, ഇവൻ ആര്? അവൻ കാറ്റിനോടും വെള്ളത്തോടും കല്പിക്കയും അവ അനുസരിക്കുകയും ചെയ്യുന്നു എന്ന് തമ്മിൽ പറഞ്ഞ് ആശ്ചര്യപ്പെട്ടു. (വി. ലൂക്കോസ് 8:22-25)

36. ഉറങ്ങുന്നതിനു മുമ്പ് യേശു ശിഷ്യന്മാരോട് പറഞ്ഞത് എന്ത്?
37. ശിഷ്യന്മാരുടെ ഭയത്തിന് കാരണമെന്ത്?
38. യേശു ശിഷ്യന്മാരെ ശാസിച്ചത് എന്തിന്?
39. ഈ വേദഭാഗം നമുക്ക് നൽകുന്ന സന്ദേശം എന്ത്?

**പ്രാർത്ഥന എഴുതുക** 3

40. 'സകല തിന്മകളിൽനിന്നും ............. സകല പരീക്ഷകളിൽനിന്നും' എന്നുവരെ.

**ഗീതം എഴുതുക** 3

41. രാജ്യത്തിൻ വാതിൽ ................... എന്നു തുടങ്ങുന്ന ഗീതം എഴുതുക